● ലേഖനം

● ഡോ. സ്വലാഹ് അബ്ദുൽ ഫത്താഹ് ഖാലിദി

# ഖുർആന്റെ പേരുകൾ

## ഒരു മുഖവുര

വിശുദ്ധ ഖുർആന് അല്ലാഹു ചില വിശേഷ നാമങ്ങൾ നൽകിയിട്ടുണ്ട്. അതിലെ സൂക്തങ്ങൾ ആ അമാനുഷ ഗ്രന്ഥത്തിന് ചില സവിശേഷ ഗുണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവയുടെ അനുഗൃഹീത സ്വാധീനങ്ങൾ വ്യക്തികൾക്കും സമൂഹങ്ങൾക്കും അനുഭവവേദ്യമായിട്ടുണ്ട്. ഖുർആനുമായി സജീവമായി ഇടപഴകുകയും അതിന്റെ തണലിൽ ജീവിതം നയിക്കുകയും ചെയ്യുന്ന ഉൾക്കാഴ്ചയുള്ള സത്യവിശ്വാസികൾക്ക് അത് പ്രകടമായിട്ടുണ്ട്. ഖുർആൻ പഠിക്കുന്ന നാം ഈ സവിശേഷതകൾ ശ്രദ്ധിക്കുകയും നമ്മുടെ മുഴു സ്വത്വവും ബോധധാരകളും മുഴുവനായി ഉപയോഗിച്ച് അതോടൊപ്പം ജീവിക്കേണ്ടതുണ്ട്.

വിശുദ്ധ ഗ്രന്ഥത്തിലൂടെ മഹത്തായ തന്റെ വചനത്തെ നമുക്ക് പരിചയപ്പെടുത്തുകായണ് അല്ലാഹു. നാം അതിലെ അനുഗൃഹീത ജീവിതം അറിയണം, അതിന്റെ തണലിലെ ജീവിതം ആസ്വദിക്കണം. അതാണവന്റെ ആവശ്യം. ഇതിന്നായി അല്ലാഹു ചില നാമങ്ങൾ നമുക്ക് മുമ്പാകെ സമർപ്പിച്ചിരിക്കുന്നു. നാം അവയെക്കുറിച്ച് മനനം ചെയ്യണം. ഖുർആന്റെ പ്രകൃതിയെയും ദൗത്യത്തെയും ഉത്തരവാദിത്വത്തെയും കുറിച്ച് അറിയണം. ഖുർആനെപറ്റി അല്ലാഹുവേക്കാൾ അറിയുന്നവനായി മറ്റാരുമില്ലല്ലോ. തന്റെ ഗ്രന്ഥത്തെക്കുറിച്ച് അല്ലാഹു തന്നെ വിശദീകരിച്ചുതന്നു എന്നത് അവൻ നമുക്ക് ചെയ്തു തന്ന വലിയ അനുഗ്രഹമാണ്. ഇതിന് നാം അവന്ന് നന്ദിചെയ്യണം. സ്തുതിച്ചും നന്ദിപറഞ്ഞും സ്നേഹിച്ചും മനനം ചെയ്തും പ്രതിബദ്ധതപുലർത്തിയും പ്രയോഗവൽക്കരിച്ചും നാം അല്ലാഹുവിലേക്ക് തിരിയണം. ഖുർആന്ന് അല്ലാഹു നൽകിയ പേരുകളിലൂടെ നമുക്ക് അതിന്റെ സവിശേഷതകൾ മനസ്സിലാക്കാം.

**ഖുർആൻ**

ഖുർആന്റെ പലപേരുകളിൽ ഏറ്റവും പ്രശസ്തവും പ്രകടവുമാണ് ഖുർആൻ എന്ന നാമം. മറ്റു വേദങ്ങൾക്കൊന്നും ഈ പേര് നൽകിയിട്ടില്ല. ഖുർആൻ പണ്ഡിതന്മാരുടെ വീക്ഷണത്തിൽ 'ഖിറാഅത്ത്'(വായന) എന്ന പദത്തിൽ നിന്നാണ് ഖുർആൻ എന്ന പദം ഉണ്ടായത്. മുഹമ്മദ് നബിക്ക് അവതീർണമായ ഗ്രന്ഥത്തിന്ന് മാത്രം ഉപയോഗിക്കുന്ന സംജ്ഞാ നാമമായി ഖുർആൻ ഉപയോഗിക്കപ്പെട്ടു.

ഇമാം റാഗിബ് തന്റെ 'മുഫ്റദാത്തി'ൽ ഒരു പണ്ഡിതനെ ഉദ്ധരിച്ചെഴുതുന്നു: 'അല്ലാഹുവിന്റെ ഗ്രന്ഥങ്ങൾക്കിടയിൽ ഈ ഗ്രന്ഥത്തിന് ഖുർആൻ എന്ന് പേരുകൊടുത്തത്, തന്റെ ഗ്രന്ഥങ്ങളേയെല്ലാം അഥവാ എല്ലാ വിജ്ഞാനഫലങ്ങളെയും സമഗ്രമായി ഉൾക്കൊള്ളുന്നതിനാലാണ്'.

تسمية هذا الكتاب قرآنا من بين كتب الله لكونه جامعا لثمرة كتبه بل لجمعه ثمرة جميع العلم

'എല്ലാ വസ്തുതകളുടെയും വിശദീകരണം'(യൂസുഫ്:111) (അൽ മുഫ്റദാത്ത്:402).

വ്യതിരിക്തവും സവിശേഷവുമായ ഈ നാമം തെരഞ്ഞെടുത്തതിൽ, ഇസ്‌ലാമിക സമൂഹം സവിശേഷമായ വ്യക്തിരിക്തത പുലർത്തേണ്ടതുണ്ടെന്ന വ്യക്തമായ ധ്വനിയുണ്ട്. ഖുർആനോടും തങ്ങളോടും തങ്ങൾക്ക് ചുറ്റുമുള്ള മാനവസമൂഹത്തോടുമുള്ള മുസ്‌ലിംകളുടെ നിലപാട് സത്യസന്ധമാകണം. അഥവാ, ജീവിത വ്യവസ്ഥയായി ഇതിനെ മാത്രമെ സ്വീകരിക്കാവൂ. അനുഗൃഹീത റമദാനിലാണല്ലോ ഖുർആന്റെ അവതരണം. ഇതേക്കുറിച്ച് പറയുന്ന ഖുർആന്റെ ശൈലിതന്നെ ശ്രദ്ധേയമാണ്. 'ജനങ്ങൾക്ക് സന്മാർഗമായും, സന്മാർഗത്തിന്റെ വിശദീകരണങ്ങളായും, സത്യാസത്യവിവേചകമായും ഖുർആൻ അവതീർണമായ മാസമാണ് റമദാൻമാസം' (അൽബഖറഃ185) 'ഖാഫ്, മഹത്തായ ഖുർആനാണ്'(ഖാഫ്:1) 'സ്വാദ്, ഉദ്ബോധനമുള്ള ഖുർആനാണ്'(സ്വാദ്:1) 'വചനങ്ങൾ' വിശദീകരിക്കപ്പെട്ട ഒരു വേദഗ്രന്ഥം. മനസ്സിലാക്കുന്ന ജനതക്ക് വേണ്ടി അറബി ഭാഷയിൽ പാരായണം ചെയ്യപ്പെടുന്ന (ഒരുഗ്രന്ഥം) (ഫുസ്സിലത്ത്:3) സജീവ ഹൃദയത്തോടെ ഇടപഴകുന്നവർക്കും, ഉൽബുദ്ധരാകാൻ ഉദ്ദേശിക്കുന്നവർക്കും അനായാസം ഉപയോഗപ്പെടുത്താവുന്നവിധം ലളിതമാണത്. 'തീർച്ചയായും ആലോചിച്ച് മനസ്സിലാക്കുവാൻ ഖുർആനെ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ആലോചിച്ച് മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?'(അൽ ഖമർ:17) ചിന്തിക്കുന്നവർക്ക് ഉൽബുദ്ധരാകുന്നവർക്കും ഉപയോഗപ്പെടുത്താവുന്ന എല്ലാതരം ഉപമകളും അല്ലാഹു ഉഖുർആനിൽ പ്രയോഗിച്ചിരിക്കുന്നു. പക്ഷെ, ജനം അവയ്ക്ക് നേരെ പുറംതിരിഞ്ഞുനിന്നു. 'തീർച്ചായായും ഈ ഖുർആനിൽ എല്ലാവിധ ഉപമകളും ജനങ്ങൾക്ക് വേണ്ടി വിവിധരൂപത്തിൽ നാം വിവരിച്ചിട്ടുണ്ട്. എന്നാൽ മനുഷ്യരിൽ അധികപേർക്കും നിഷേധിക്കാനല്ലാതെ മനസ്സുവന്നില്ല' (അൽ ഇസ്‌റാഅ്:89).

സത്യനിഷേധികൾ ഖുർആൻ കേൾക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല. നബി(സ) ഖുർആൻ ഓതിക്കേൾപിക്കുമ്പോൾ അദ്ദേഹത്തിന്ന് സത്യനിഷേധികൾക്കുമിടയിൽ തിരശ്ശീല ഉയർന്നുവന്നു. ഹൃദയങ്ങളിൽ ആവരണമായും കാതുകളിൽ ബാധിര്യമായും ആ തിരശ്ശീല മറതീർത്തു. 'നീ ഖുർആൻ പാരായണം ചെയ്താൽ നിന്റെയും പരലോകത്തിൽ വിശ്വസിക്കാത്തവരുടെയും ഇടയിൽ, ദൃശ്യമല്ലാത്ത ഒരു മറനാം വെക്കുന്നതാണ്. അവർ അത് ഗ്രഹിക്കുന്നതിന് (തടസ്സമാ

യി) അവരുടെ ഹൃദയങ്ങളിന്മേൽ നാം മൂടികൾ വെക്കുന്നതും, അവരുടെ കാതുകളിൽ നാം ഒരു തരം ഭാരം വെക്കുന്നതുമാണ്. ഖുർആൻ പാരായണത്തിൽ നിന്റെ രക്ഷിതാവിനെ പറ്റി മാത്രം പ്രസ്താവിച്ചാൽ അവർ വിറളിയെടുത്ത് പുറം തിരിഞ്ഞുപോകുന്നതാണ്' (അൽ ഇസ്റാഅ്:45,46).

ഖുർആൻ പാരായണം ചെയ്യാനും, അതിന്നായി പ്രത്യേകം തയ്യാറെടുക്കാനും ദൈവാഭിമുഖമായി തിരിയാനും, ദൈവവചനത്തെ ഉറ്റാലോചിക്കുന്നതിന് സഹായകമാവുമാറ് പിശാചിൽ നിന്ന് ശരണം തേടാനും അല്ലാഹു നമ്മെ ക്ഷണിക്കുന്നു. 'താങ്കൾ ഖുർആൻപാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ടവിശാചിൽനിന്ന് അല്ലാഹുവിൽ അഭയം തേടുക' (അന്നഹ്ൽ:98).

ഖുർആൻ സൂക്തങ്ങൾ പാരായണം ചെയ്തുകേൾക്കുമ്പോൾ അതർഹിക്കുന്ന മര്യാദകളോടെയും നമ്മുടെ മുഴുമനുഷ്യസ്വത്വത്തെയും ഉപയോഗപ്പെടുത്തിയും ശ്രദ്ധിക്കണം. ഹൃദയത്തിന്റെ സകല പഴുതുകളും തുറന്നിടണം. ഹൃദയവുമായി പ്രതിപ്രവർത്തിക്കണം. കാതുകളിൽ ശബ്ദവീചികൾ എത്തിയാൽ പോരാ, സോദ്ദേശ്യം ശ്രദ്ധിച്ചുകേൾക്കണം. ഒരു മുസ്ലിമിന്റെ കാതിൽ സ്വീകരിക്കാനും, മനനം ചെയ്യാനും പ്രതിഫലിക്കാനുമുള്ള വ്യത്യസ്ത സംവിധാനങ്ങളത്രയും പഞ്ചേന്ദ്രിയങ്ങൾക്കൊപ്പം പ്രവർത്തിക്കണം. 'ഖുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങൾ അത് ശ്രദ്ധിച്ചുകേൾക്കുക, മൗനം പാലിക്കുക, നിങ്ങൾ കരുണചെയ്യപ്പെട്ടേക്കാം' (അൽ അഅ്റാഫ്:204).

ഖുർആന്റെ പ്രതിഫലന ശേഷിയെക്കുറിച്ച് അല്ലാഹു പറയുന്നു: 'ഈ ഖുർആനെ നാം ഒരു പർവ്വതത്തിന്മേൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ അത് (പർവ്വതം) വിനീതമാകുന്നതും അല്ലാഹുവെപറ്റിയുള്ള ഭയത്താൽ പൊട്ടിപ്പിളരുന്നതും നിനക്കുകാണാമായിരുന്നു. ആ ഉദാഹരണങ്ങൾ നാം ജനങ്ങൾക്ക് വേണ്ടി വിവരിക്കുന്നു. അവർ ചിന്തിക്കുവാൻ വേണ്ടി' (അൽ ഹശ്ർ:21) 'പാരായണം ചെയ്യപ്പെടുന്ന ഒരു ഗ്രന്ഥംമൂലം പർവതങ്ങൾ നടത്തപ്പെടുകയോ, അല്ലെങ്കിൽ അതുകാരണമായി ഭൂമി തുണ്ടം തുണ്ടമായി മുറിക്കപ്പെടുകയോ, അല്ലെങ്കിൽ അതുമുഖേന മരിച്ചവരോട് സംസാരിക്കപ്പെടുകയോ ചെയ്തിരുന്നുവെങ്കിൽപോലും (സത്യനിഷേധികൾ വിശ്വസിക്കുമായിരുന്നില്ല' (അർറഅ്ദ്:31).

ഖുർആൻ സൂക്തങ്ങൾക്ക് മുമ്പാകെ ദീർഘമായി ചിന്താമഗ്നരായി നിൽക്കാനും, അതിലെ ബോധനങ്ങളും മാർഗനിർദേശങ്ങളും ആശയങ്ങളും യാഥാർഥ്യങ്ങളും നിരീക്ഷിക്കാനും, ഇതിന് തടസ്സമായേക്കാവുന്ന കാരണം കണ്ടെത്തി നീക്കം ചെയ്യാനും അല്ലാഹു നമ്മോട് കൽപ്പിച്ചിരിക്കുന്നു. ഖുർആൻ പ്രദാനം ചെയ്യുന്ന പ്രകാശത്തിന്റെയും സന്മാർഗത്തിന്റെയും നന്മയുടെയും ജീവിതത്തിന്റെയും മുമ്പിലെ താഴുകൾ തുറക്കാൻ അല്ലാഹു ആഹ്വാനം ചെയ്യുന്നു. 'അവർ ഖുർആനെപറ്റി ഉറ്റാലോചിക്കുന്നില്ലേ? അതോ, അവരുടെ ഹൃദയങ്ങളിന്മേൽ അവയുടെ താഴുകളുണ്ടോ?'(മുഹമ്മദ്:24)

മനനം ഒരിക്കലും ലക്ഷ്യമല്ല, ലക്ഷ്യത്തിലെത്താനുള്ള മാർഗമാണ്. ഈമാനിന്റെ വർധനയും അല്ലാഹുവിന്റെ വചനത്തെക്കുറിച്ച ദൃഢവിശ്വാസവും അതിന്റെ ഘടനാപൊരുത്തം മനസ്സിലാക്കലും ലക്ഷ്യങ്ങളക്കുറിച്ച ഗ്രാഹ്യതയുമാണ് പ്രധാനം. 'അവർ ഖുർആനെ പറ്റി ഉറ്റാലോചിക്കുന്നില്ലെ? അത് അല്ലാഹു അല്ലാത്തവരിൽ നിന്നായിരുന്നുവെങ്കിൽ അവർ അതിൽ ധാരാളം അഭിപ്രായവ്യത്യാസങ്ങൾ കണ്ടേനെ'(അന്നിസാഅ്:82).

ഖുർആനുമായി ഇടപഴകുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന മുൻ നിർദേശങ്ങൾ നാം പാലിക്കുകയാണെങ്കിൽ നമുക്ക് സന്മാർഗവും ശമനവും ലഭിക്കും. ഖുർആൻ വ്യക്തികൾക്കും സമൂഹങ്ങൾക്കും ഒരുപോലെയുള്ള സന്മാർഗമാണ്. വ്യക്തിപരവും സാമൂഹികവുമായ എല്ലാ മേഖലകളിലേക്കുമുള്ള പ്രകാശമാണ്. സമൂഹങ്ങളുടെ സകലവിധരോഗങ്ങൾക്കുമുള്ള ശമനമാണ്. 'തീർച്ചയായും, ഈ ഖുർആൻ ഏറ്റവും ചൊവ്വായതിലേക്ക് മാർഗദർശനം നൽകുന്നു. സൽകർമങ്ങൾ ചെയ്യുന്ന സത്യവിശ്വാസികൾക്ക് തീർച്ചയായും വലിയ പ്രതിഫലമുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കുന്നു' (അൽ ഇസ്റാഅ്:9), 'ഖുർആനിൽ നിന്ന് നാം സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായത് ഇറക്കിക്കൊടുക്കുന്നു. അത് അക്രമികൾക്ക് നഷ്ടമല്ലാതെ വർധിപ്പിക്കുന്നില്ല' (അൽ ഇസ്റാഅ്:82).

ഖുർആന്റേതായി അല്ലാഹു എടുത്തുപറഞ്ഞ ഒരു പ്രധാനഗുണം അതിന്റെ യുക്തിഭദ്രതയാണ്. അല്ലാഹു ഉദ്ദേശിക്കുംവിധവും ദൈവികവ്യവസ്ഥക്കനുസരിച്ചും ജീവിക്കാൻ നമുക്കായാൽ ഖുർആനിലെ യുക്തിഭദ്രമായ നിലപാടുകൾ നമുക്ക് ബോധ്യമാവും. 'യാസീൻ, യുക്തിഭദ്രമായ ഖുർആനാണ' (യാസീൻ:1,2).

ജനങ്ങളെ സത്യവിശ്വാസത്തിൽ നിന്ന് വഴിതിരിച്ചുവിടാനായി അതേപറ്റി മാരണം, കവിത, ജോത്സ്യം എന്നെല്ലാം ആരോപിച്ച് വിഭജിച്ച് തള്ളിയ സത്യനിഷേധികളെ അല്ലാഹു ആക്ഷേപിച്ചിരിക്കുന്നു. തങ്ങളുടെ ഇച്ഛകളുടെ സാക്ഷാൽകാരാർഥം വേദഗ്രന്ഥങ്ങളിലെ ചിലതിനെ വിശ്വസിക്കുകയും മറ്റുചിലതിനെ അവിശ്വസിക്കുകയും ചെയ്ത യഹൂദികളെയും ക്രിസ്ത്യാനികളെയും ഇതേപ്രകാരം വിമർശിച്ചിട്ടുണ്ട്. ഖുർആനെ ഇതേപോലെ സ്വേഷ്ടപ്രകാരം കൊള്ളുകയും തള്ളുകയും ചിലതൊക്കെ പൂഴ്ത്തിവെക്കുകയും ചിലതുമാത്രം പുറത്തുകാണിക്കുകയും, ചിലത് വിശ്വസിക്കുകയും ചിലത് അവിശ്വസിക്കുകയും ചെയ്യുന്ന മുസ്ലിംകളുടെ നടപടിയും തഥൈവ. 'വിഭജനം നടത്തിക്കളഞ്ഞവരുടെ മേൽ ഇറക്കിയതുപോലെ. അതായത്, ഖുർആനെ വ്യത്യസ്ത ഖണ്ഡങ്ങളാക്കിമാറ്റിയവരുടെ മേൽ' (അൽ ഹിജ്ർ:90, 91) സത്യനിഷേധികൾ ഖുർആനെ അവഗണിച്ചതിനെക്കുറിച്ച് നബി(സ) അല്ലാഹുവോട് ആവലാതിപ്പെടുന്നതായി ഖുർആനിൽ തന്നെയുണ്ടല്ലോ. 'ദൂതൻ പറഞ്ഞു: നാഥാ!, തീർച്ചയായും എന്റെ ജനത ഈ ഖുർആനിനെ പരിത്യജിച്ചുകളഞ്ഞു' (അൽ ഫുർഖാൻ:30) ഖുർആന്റെ പ്രകാശം കെടുത്തിക്കളയാനായി സത്യനിഷേധികൾ സ്വീകരിച്ച വ്യത്യസ്ത രീതികളെക്കുറിച്ച് ഖുർആൻ വിവരിച്ചിട്ടുണ്ട്. ഖുർആന്റെ മുമ്പിലെ അവരുടെ ആഭ്യന്തരപരാജയവും, അതിലെ യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ അവർ അനുഭവിച്ച മാനസികസംഘർഷങ്ങളും അതിനെനേരിടുന്നതിൽ അവരുടെ പരാജയവും അത്യന്തം വിലകുറഞ്ഞ ഒരുപായത്തിലേക്കാണ് അവരെ എത്തിച്ചത് -ഖുർആൻ കേൾക്കാതിരിക്കുക, കേൾക്കാൻ അനുവദിക്കാതിരിക്കുക. കാരണം, ഏതൊരു മനുഷ്യന്റെയും മുഴുസ്വത്വങ്ങളുമായി ഖുർആൻ ശ്രവിച്ചാൽ അതിൽ വിശ്വസിച്ചുപോവും എന്നത് തന്നെ! ഇത് നേരിടാനുള്ളമാർഗം. നിരർഥക ശബ്ദങ്ങൾ മുഴക്കിയും, ചൂളമടിച്ചും കൈകൊട്ടിയും മറ്റും അപശബ്ദങ്ങളുണ്ടാക്കി ആളുകളുടെ ശ്രദ്ധ വഴിതിരിച്ചുവിടുകതന്നെ! സൂര്യപ്രകാശത്തെ ഒരു ടവ്വൽ തുണ്ടുകൊണ്ട് മറച്ചുപിടിക്കാനുള്ള പാഴ്ശ്രമം! 'സത്യനിഷേധികൾ പറഞ്ഞു: നിങ്ങൾ ഈ ഖുർആൻ ശ്രദ്ധിച്ചുകേൾക്കരുത്. അത് പാരായണം ചെയ്യുമ്പോൾ നിങ്ങൾ ബഹളമുണ്ടാക്കുക. നിങ്ങൾക്ക് (അതിനെ) അതിജയിക്കാൻ കഴിഞ്ഞേക്കാം' (ഫുസ്സിലത്ത്:26). (അപൂർണം)